LIBRARY ARCHIVES Kerala Legislative Assembly

സബോർഡിനേറ്റ് സർവ്വീസ്

50 (1787) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസ് ബാധകമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പി.എസ്.സി. യിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും സംഘടനകളോ വ്യക്തികളോ നിവേദനങ്ങൾ പി.എസ്.സി.ക്കോ സർക്കാരിനോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു

(ബി) ഇതുസംബന്ധിച്ച് സർക്കാർ ഇതുവരെ തീരുമാനം ഒന്നും എടുത്തിട്ടില്ല

(സി) ഉണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം

51 (1789) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ സർക്കാർ വകുപ്പുകളിൽ എത്ര ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് വകുപ്പ് തിരിച്ചു വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.